**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 598** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ സബ്സ്റ്റേഷനുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വെന്നിയൂർ സബ് സ്റ്റേഷൻ 110 കെ.വി ആയും പിന്നീട് 220 കെ.വി ആയും ഉയർത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി; വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ വെന്നിയൂർ സബ്സ്റ്റേഷൻ 33/11kV 10 MVA സബ്സ്റ്റേഷനാണ്. പുതുതായി നിർമിക്കാൻ ഉദ്ദേശിക്കുന്ന 110/11kV, 25MVA സബ്സ്റ്റേഷനിലേക്കുള്ള ഫീഡിംഗ് നിലവിൽ നിർമ്മാണത്തിലിരിക്കുന്ന തിരൂർ-പരപ്പനങ്ങാടി (MAT-Parappanangadi) 110kV ട്രാൻസ്മിഷൻ ലൈനിൽ നിന്ന് ടാപ്പ് ലൈൻ മുഖേനയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന തിരൂർ-പരപ്പനങ്ങാടി (MAT- Parappanangadi) ലൈൻ കടന്നുപോകുന്ന ഭാഗത്ത് ഭൂരിഭാഗം സ്ഥലങ്ങളും വെള്ളക്കെട്ട് അനുഭവപ്പെടുന്ന പ്രദേശങ്ങളായതിനാൽ മഴക്കാലത്ത് ലൈൻ നിർമ്മാണം നടത്താൻ സാധിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത ട്രാൻസ്മിഷൻ ലൈൻ നിർമ്മാണത്തിനുള്ള കാലാവധി 30.05.2027 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടാപ്പിംഗ് പോയിന്റ് വരെയുള്ള പ്രധാന ട്രാൻസ്മിഷൻ ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ 110kV വെന്നിയൂർ സബ്സ്റ്റേഷനിലേക്കുള്ള ടാപ്പ് ലൈൻ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ സബ്സ്റ്റേഷനിലേക്കുള്ള ടാപ്പ് ലൈൻ റൂട്ടിന്റെ സർവേയും സബ്സ്റ്റേഷന്റെ കോമ്പൗണ്ട് വാൾ നിർമ്മാണവും തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്. 220kV ലൈൻ പ്രസ്തുത പ്രദേശത്തിനടുത്ത് എത്തിക്കുക എന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ലാത്തതിനാൽ വെന്നിയൂർ സബ്സ്റ്റേഷൻ 220 കെ.വി ആക്കി ഉയർത്തുന്ന പ്രവൃത്തി നിലവിൽ സാങ്കേതികമായി സാധ്യമല്ല.

**(ബി)** വെന്നിയൂർ, പരപ്പനങ്ങാടി, എടരിക്കോട്, കുരിയാട് സബ്സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്നും പ്രസ്തുത പ്രവർത്തി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** തിരൂർ-പരപ്പനങ്ങാടി (MAT- Parappanangadi) ലൈൻ നിർമ്മാണവും, 110 കെ.വി വെന്നിയൂർ സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തീകരിച്ചാൽ മാത്രമേ വെന്നിയൂർ, പരപ്പനങ്ങാടി, എടരിക്കോട് എന്നീ സബ്സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. 2029 മാർച്ച് മാസത്തോടെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**